## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **1591** | 04.10.2016 - ൽ മറുപടിയ്ക്ക് |

### ചരക്ക് സേവന നികുതി നടപ്പാക്കാൻ പ്രത്യേക സോഫ്റ്റ് വെയർ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | ചരക്ക് സേവന നികുതി (ജി.എസ്.റ്റി) എപ്പോഴാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;ഇത് ഫലപ്രദമാക്കാൻ ഏർപ്പെടുത്തുന്ന സംവിധാനങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | ചരക്ക് സേവന നികുതി (ജി.എസ്.ടി) 01-04-2017 മുതൽ നടപ്പിലാക്കാവുന്ന രീതിയിലാണ് ജി.എസ്.ടി കൗൺസിലിൽ ചർച്ചകൾ പുരോഗമിച്ചു വരുന്നത്. ഇത് നടപ്പിൽ വരുത്തേണ്ടതിനാവശ്യമായ എസ്.ജി.എസ്.ടി നിയമത്തിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. കൂടാതെ ഉദ്യോഗസ്ഥർക്കും മറ്റുമുള്ള പരിശീലനം രണ്ടു ഘട്ടങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ഡിസംബർ അവസാനത്തോടെ പരിശീലന പരിപാടികൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനു പുറമെ ജി.എസ്.ടി നെറ്റ് വർക്കിന്റെ Backend module വികസിപ്പിക്കുന്ന നടപടികൾ ത്വരിതഗതിയിൽ പുരോഗമിക്കുകയാണ്. |
| (ബി) | ഇപ്പോഴത്തെ വാറ്റ് നികുതിയിൽ നിന്ന് പൂർണമായും ജി.എസ്.റ്റി യിലേക്ക് മാറുന്നതോടെ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടാകാൻ പോകുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | ചരക്ക് സേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമായതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനു പുറമേ സേവനങ്ങൾക്ക്മേലുള്ള നികുതിയും സംസ്ഥാനത്തിനു ലഭ്യമാകും. ബാങ്കിംഗ്, ധനകാര്യം, ടെലികോം, ഇൻഷ്വറൻസ്, തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ |

| | | | |
|---|---|---|---|
| | | | ഉപഭോഗനിരക്ക് രാജ്യത്തെ തന്നെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. ചരക്ക് സേവനനികുതി സമ്പ്രദായം പ്രാബല്യത്തിലാകുമ്പോൾ കേരളത്തിലെ സേവന നികുതി വിഹിതം കൂടി സംസ്ഥാനത്തിന് ലഭിക്കും. ഇത് കേരളത്തിന് നേട്ടമുണ്ടാക്കുമെന്നാണ് പൊതുവെ വിലയിരുത്തപ്പെട്ടിട്ടുള്ളത്. പരോക്ഷനികുതി സംബന്ധിച്ച് നിലവിൽ മൂല്യവർദ്ധിതനികുതി, വിൽപ്പന നികുതി, കേന്ദ്ര വിൽപ്പന നികുതി, ആഢംബര നികുതി , എൻട്രി ടാക്സ്, ലോട്ടറികളിന്മേലുള്ള നികുതി സർച്ചാർജ്ജ്, സെസ്സ്, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ വഴി ഈടാക്കുന്നതല്ലാത്ത വിനോദ നികുതി എന്നിവ സംസ്ഥാനമാണ് ഈടാക്കുന്നത്. എക്സൈസ് ഡ്യൂട്ടി, അഡീഷണൽ എക്സൈസ് ഡ്യൂട്ടി, അഡീഷണൽ കസ്റ്റംസ് ഡ്യൂട്ടി, സേവന നികുതി, സർചാർജ്, സെസ്സ് എന്നിവ കേന്ദ്ര സർക്കാരും ഈടാക്കുന്നു. ജി. എസ്. ടി. നടപ്പാകുമ്പോൾ ഇവയെല്ലാം ജി. എസ്. ടി. യിൽ ലയിക്കുന്നതാണ്. ജി. എസ്. ടി. യിൽ സംസ്ഥാനത്തിനും കേന്ദ്രത്തിനും ഒരേ സമയം നികുതി ഈടാക്കുവാൻ സാധിക്കും. ഈ സംവിധാനത്തിൽ എല്ലാ നികുതി ബാധകമായ കൈമാറ്റങ്ങളിന്മേലും (taxable supplies) കേന്ദ്രം സി.ജി.എസ്.ടി. യും സംസ്ഥാനങ്ങൾ എസ്.ജി.എസ്. ടി. യും ചുമത്തുന്നതാണ്. അന്തർ സംസ്ഥാന കൈമാറ്റങ്ങളിന്മേൽ ഐ.ജി.എസ്.ടി. ചുമത്തുന്നത് കേന്ദ്ര സർക്കാരാണ്. |
| (സി) | ജി.എസ്.റ്റി നടപ്പാക്കാൻ കേന്ദ്രം പ്രത്യേക സോഫ്റ്റ് വെയർ കൊണ്ടുവരുന്നുണ്ടോ;എങ്കിൽ ആ സോഫ്റ്റ് വെയർ തന്നെയാണോ കേരളത്തിലും ഉപയോഗിക്കുക അതല്ല സംസ്ഥാനം പ്രത്യേക സോഫ്റ്റ് വെയർ തയ്യാറാക്കുമോ എന്ന് | (സി) | ജി.എസ്.ടി നികുതി സമ്പ്രദായത്തിൽ വ്യാപാരികളേയും ബന്ധപ്പെട്ട വകുപ്പുകളേയും ബന്ധിപ്പിക്കുന്ന പ്രവർത്തനത്തിനു വേണ്ടിയുള്ള common portal വികസിപ്പിച്ചെടുക്കുന്നത് Goods & Service Tax Network (GSTN) ആണ്. |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ? | | ജി.എസ്.ടി നെറ്റ് വർക്കിന്റെ Backend module വികസിപ്പിക്കുന്ന സംസ്ഥാനങ്ങളെ Model 1 എന്നും Backend module GSTN തയ്യാറാക്കി നൽകുന്ന സംസ്ഥാനങ്ങളെ Model 2 ആയും തരംതിരിച്ചിട്ടുണ്ട്. കേരളം മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെപ്പോലെ മോഡൽ ഒന്നിലാണ് ഉൾപ്പെട്ടിട്ടുള്ളത്.Backend module വികസിപ്പിക്കുന്നതിന് ആവശ്യമായിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന നടപടി സംസ്ഥാനത്ത് പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ